18
ജൂലായ് 2017 ചൊവ്വ
1192 കർക്കടകം 02
തിരുവനന്തപുരം

# കേരള കൗമുദി

SINCE 1911

FOUNDER EDITOR: K. SUKUMARAN B.A

106 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 6.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi

## ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പ്

# വെങ്കയ്യ എൻ.ഡി.എ സ്ഥാനാർത്ഥി

● ഇന്ന് പത്രിക നൽകും ● വോട്ടെടുപ്പ് ആഗസ്റ്റ് 5ന്

സ്വന്തം ലേഖകൻ

ന്യൂഡൽഹി: കേന്ദ്രമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ വെങ്കയ്യ നായിഡുവിനെ എൻ.ഡി.എ ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചു. ഇന്നലെ ബി.ജെ.പി പാർലമെന്ററി ബോർഡ് യോഗമാണ് വെങ്കയ്യയുടെ സ്ഥാനാർത്ഥിത്വം ഉറപ്പിച്ചത്. നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ട അവസാന ദിവസമായ ഇന്ന് പത്രിക നൽകും.

ഇന്ത്യയുടെ 13-ാം ഉപരാഷ്ട്രപതിയെ കണ്ടെത്താൻ ആഗസ്റ്റ് അഞ്ചിന് വോട്ടെടുപ്പ് നടക്കും. പ്രതിപക്ഷം മുൻ പശ്ചിമ ബംഗാൾ ഗവർണറും ഗാന്ധിജിയുടെ ചെറുമകനുമായ ഗോപാൽ കൃഷ്ണ ഗാന്ധിയെ സ്ഥാനാർത്ഥിയായിനേരത്തേ പ്രഖ്യാപിച്ചിരുന്നു. ഉപരാഷ്ട്രപതി ഹമീദ് അൻസാരിയുടെ കാലാവധി ആഗസ്റ്റ് 10ന് അവസാനിക്കും.

വെങ്കയ്യ നായിഡു

ബി. ജെ. പി പാർലമെന്ററി ബോർഡ് യോഗത്തിനു ശേഷം ദേശീയ അദ്ധ്യക്ഷൻ അമിത് ഷായാണ് വെങ്കയ്യ നായിഡുവിന്റെ സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചത്. പാർട്ടി ഏകകണ്ഠമായാണ് തീരുമാനമെടുത്തതെന്നും മറ്റൊരു പേരും ചർച്ച ചെയ്തില്ലെന്നും എൻ.ഡി.എയിലെ സഖ്യകക്ഷികൾ പിന്തുണ അറിയിച്ചിട്ടുണ്ടെന്നും അമിത് ഷാ പറഞ്ഞു.

ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയായി ദക്ഷിണേന്ത്യയിൽ നിന്നുള്ള ഒരാളെ കൊണ്ടുവരാൻ ബി. ജെ. പി തീരുമാനിച്ചതാണ് വെങ്കയ്യയ്ക്ക് നറുക്ക് വീഴാനിടയാക്കിയത്. മുതിർന്ന നേതാവെന്ന നിലയിൽ പാർട്ടിക്കുള്ളിൽ എല്ലാവർക്കും സ്വീകാര്യനായതും കേന്ദ്രമന്ത്രിയായുള്ള പ്രകടനവും അദ്ദേഹത്തെ തുണച്ചു. ഉപരാഷ്ട്രപതിയായി രാജ്യസഭാ അദ്ധ്യക്ഷ സ്ഥാനം വഹിക്കുമ്പോൾ പാർലമെന്ററികാര്യ മന്ത്രിയെന്ന നിലയിലുണ്ടാക്കിയ ബന്ധം പ്രയോജനപ്പെടുമെന്നും പാർട്ടി വിലയിരുത്തി.

രാഷ്ട്രപതി സ്ഥാനാർത്ഥിയെ ആദ്യം പ്രഖ്യാപിച്ചത് എൻ.ഡി.എ ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിൽ പ്രതിപക്ഷത്തിന് ആ അവസരം നൽകിയെങ്കിലും ചർച്ചകൾ പാർട്ടിക്കുള്ളിൽ സജീവമായിരുന്നു.

വെങ്കയ്യയെ സ്ഥാനാർത്ഥിയാക്കുന്നകാര്യം അമിത്ഷാ കഴിഞ്ഞദിവസം ആർ.എസ്.എസ് നേതാക്കളുമായും ചർച്ച ചെയ്തിരുന്നു. മണിപ്പൂർ ഗവർണർ നജ്മാ ഹെപ്തുള്ള, മഹാരാഷ്ട്ര ഗവർണർ സി. വിദ്യാസാഗർ തുടങ്ങിയവരുടെ പേരുകളും പരിഗണിച്ചതായി കേട്ടിരുന്നു.

### എൻ.ഡി.എയ്ക്ക് മുൻതൂക്കം

പാർലമെന്റ് അംഗങ്ങൾ മാത്രമടങ്ങിയ ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്. അതിനാൽ ബി. ജെ. പി നേതൃത്വം നൽകുന്ന എൻ.ഡി.എയ്ക്കാണ് മുൻതൂക്കം. ലോക്സഭയിലെ വൻ ഭൂരിപക്ഷം എൻ.ഡി.എയ്ക്ക് കരുത്താകും. ലോക്സഭയിലും രാജ്യസഭയിലുമുള്ള 787 എം.പിമാരാണ് വോട്ട് ചെയ്യുക. എൻ.ഡി.എയ്ക്ക് 426 വോട്ടുണ്ട്. അണ്ണാ ഡി. എം. കെ, ബി. ജെ. ഡി തുടങ്ങിയ കക്ഷികളുടെയും ചേർത്ത് 557 വോട്ടാണ് ബി. ജെ. പി പ്രതീക്ഷിക്കുന്നത്. നോമിനേറ്റഡ് അംഗങ്ങൾക്കും ഉപരാഷ്ട്രപതിക്ക് വോട്ടു ചെയ്യാം.

രാഷ്ട്രപതി തിരഞ്ഞെടുപ്പ്: വോട്ടെണ്ണൽ 20 ന്

## ജയമുറപ്പിച്ച് രാംനാഥ് കോവിന്ദ്

ന്യൂഡൽഹി: എൻ. ഡി. എ സ്ഥാനാർത്ഥി രാംനാഥ് കോവിന്ദ് രാജ്യത്തെ 14-ാം രാഷ്ട്രപതിയാകുമെന്നുറപ്പിച്ച് വോട്ടെടുപ്പ് നടപടികൾ പൂർത്തിയായി.

എൻ. ഡി. എയ്ക്കു പുറമേ പ്രതിപക്ഷത്തു നിന്നുള്ള അപ്രതീക്ഷിത വോട്ടുകളും അടക്കം 70 ശതമാനം വോട്ടുകൾ രാംനാഥ് കോവിന്ദിന് ലഭിച്ചതായാണ് വിവരം. പാർലമെന്റ് മന്ദിരത്തിലും സംസ്ഥാന നിയമസഭാ മന്ദിരങ്ങളിലും നടന്ന വോട്ടെടുപ്പിൽ ഇലക്ടറൽ കോളേജിലെ 99 ശതമാനം അംഗങ്ങളും വോട്ട് രേഖപ്പെടുത്തിയതായി റിട്ടേണിംഗ് ഓഫീസർ അനൂപ് മിശ്ര അറിയിച്ചു. പ്രതിപക്ഷ സ്ഥാനാർത്ഥി മീരാ കുമാറിന് പിന്തുണ പ്രഖ്യാപിച്ച 18 പാർട്ടികളുടെയും വോട്ടുകൾ ലഭിച്ചില്ലെന്നാണ് സൂചന. നേരത്തേ പിന്തുണ ലഭിച്ച ജെ. ഡി. യു, ബി. ജെ. ഡി, അണ്ണാ ഡി. എം. കെയുടെ രണ്ട് വിഭാഗം എന്നിവയ്ക്കു പുറമേ വ്യാപകമായി പ്രതിപക്ഷ വോട്ടുകൾഎൻ.ഡി.എസ്ഥാനാർത്ഥിക്ക്മറിഞ്ഞതായിഅറിയുന്നു. സമാജ്‌വാദി പാർട്ടിയിലെ ഭിന്നത വ്യക്തമാക്കി രാംനാഥ് കോവിന്ദിന് വോട്ടു ചെയ്യുന്നതായി മുലായം സിംഗിന്റെ അനന്തരവനായിശിവ്പാൽ യാദവ് ട്വീറ്റ് ചെയ്തു.

ആം ആദ്മി പാർട്ടിയുടെ നിലപാടിന് വിരുദ്ധമായി പഞ്ചാബിൽ നിന്നുള്ള എം.പി എച്ച്.എസ്. ഫൂൽക്കയും തൃപുരയിൽ ആറ് വിമത തൃണമൂൽ അംഗങ്ങളും ഒരു കോൺഗ്രസ് അംഗവും കോവിന്ദിന് വോട്ടു ചെയ്തു. പ്രധാനമന്ത്രിനരേന്ദ്രമോദി, കോൺഗ്രസ് അദ്ധ്യക്ഷ സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവരക്കം 714 പേർ പാർലമെന്റ് മന്ദിരത്തിലാണ് വോട്ട് രേഖപ്പെടുത്തിയത്. കേരളത്തിൽ നിന്നുള്ള എല്ലാ എം. പിമാരും പാർലമെന്റ് മന്ദിരത്തിൽ എത്തി. പി. കെ. കുഞ്ഞാലിക്കുട്ടി എം. പിയെന്ന നിലയിലെ ആദ്യ ജോലി നിർവഹിച്ചത് രാഷ്ട്രപതിതിരഞ്ഞെടുപ്പിൽ വോട്ടു ചെയ്താണ്. എല്ലാ ബാലറ്റ് പെട്ടികളും ഡൽഹിയിലെത്തിച്ച് 20 ന് പാർലമെന്റ് മന്ദിരത്തിലെ 62-ാം നമ്പർ മുറിയിൽ രാവിലെ 11 മുതൽ വോട്ടെണ്ണൽ നടക്കും.

## ഒറ്റനോട്ടം

തെരുവുനായയെ കൊന്നകേസ്: നടപടി അവസാനിപ്പിച്ചു
പേജ് 07

പ്രത്യാക്രമണത്തിന് മടിക്കില്ലെന്ന് ഇന്ത്യ പാകിസ്ഥാനോട്
പേജ് 11

ചന്ദ്രനിലേക്ക് രണ്ടാം വിരുന്നിന് ഗ്രൗണ്ട് ട്രയൽ
പേജ് 14

### പനി ബാധിതരുടെ എണ്ണത്തിൽ കുറവില്ല; ഇന്നലെ ഒരാൾ മരിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് പനി ബാധിതരുടെ എണ്ണത്തിൽ കുറവില്ല. ഇന്നലെ 28,374 പേർ വിവിധ സർക്കാർ ആശുപത്രികളിൽ പനി പിടിപെട്ട് ചികിത്സ തേടി. തിരുവനന്തപുരം പാറശാല സ്വദേശി ശാരദ (59) പനി ബാധിച്ച് മരിച്ചു. 178 പേർക്ക് ഇന്നലെ ഡെങ്കിപ്പനി സ്ഥിരീകരിച്ചു. ഇതിൽ 60 പേരും തിരുവനന്തപുരം ജില്ലയിൽ നിന്നുള്ളവരാണ്. എട്ടു പേർക്ക് എലിപ്പനിയും രണ്ടു പേർക്കു മലേറിയയും 18 പേർക്ക് എച്ച്1 എൻ1 -ഉം സ്ഥിരീകരിച്ചു.

### തലവര

രാഷ്ട്രപതി സ്ഥാനാർത്ഥി രാംനാഥ് കോവിന്ദിന് കേരളത്തിൽ നിന്ന് ഉറപ്പുള്ളത് ഒരു വോട്ട്

...സിങ്കം സിംഗിളായി വരും

## നടിയെ പീഡിപ്പിച്ച രംഗങ്ങൾ മെഡി. വിദ്യാർത്ഥികൾ കണ്ടു

എം.എം. സുബൈർ

തിരുവനന്തപുരം : പൾസർ സുനിയും സംഘവും യുവനടിയെ പീഡിപ്പിച്ച ദൃശ്യങ്ങൾ കൊച്ചിയിലെ ഒരു പ്രമുഖ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾ കണ്ടു. രണ്ടാം വർഷ മെഡിക്കൽ വിദ്യാർത്ഥികളെ ഫോറൻസിക് പഠനത്തിന്റെ ഭാഗമായി അദ്ധ്യാപകൻ ഈ ദൃശ്യങ്ങൾ കാണിക്കുകയായിരുന്നു. പ്രകൃതിവിരുദ്ധപീഡനത്തിന്റെ മൂഗീയമായ രണ്ട് ദൃശ്യങ്ങളാണ് പ്രധാനമായും ഇതിലുള്ളതെന്നാണ്ഇതുകണ്ടവിദ്യാർത്ഥികൾപുറത്ത്നൽകിയവിവരം. ജൂൺ അവസാന ആഴ്ചയിലാണ്ഈദൃശ്യങ്ങൾകോളേജിൽ കാണിച്ചത്.

ഇത് കണ്ട ചില വിദ്യാർത്ഥികൾ വീട്ടിൽ വിവരം അറിയിച്ചു. ഇതിൽ ഒരു രക്ഷാകർത്താവ് ഡോക്ടറായിരുന്നു. അദ്ദേഹം പ്രമുഖനായ മറ്റൊരു ഡോക്ടർക്ക് വിവരം കൈമാറി. എന്നാൽ അങ്ങനെ സംഭവിക്കാനുള്ള ഒരു സാദ്ധ്യതയുമില്ലെന്നാണ് ദൃശ്യങ്ങളുടെ വിശദാംശങ്ങൾ ജോലിയുടെ ഭാഗമായി നേരത്തേ അറിഞ്ഞിരുന്ന പ്രമുഖ ഡോക്ടർമറുപടിനൽകിയത്. എന്നാൽദൃശ്യംകണ്ടവിദ്യാർത്ഥിയിൽ നിന്ന് സീൻ ബൈ സീനായി വിവരിച്ച്കിട്ടിയത് രക്ഷാകർത്താവ് അറിയിച്ചപ്പോൾ ഡോക്ടർ അത് ശരിവയ്ക്കുകയായിരുന്നു. രണ്ടരമിനിട്ടാണ്ദൃശ്യങ്ങളുടെദൈർഘ്യമെന്നുള്ള കൃത്യമായ വിവരവും വിദ്യാർത്ഥിയിൽ നിന്ന്മനസിലാക്കാനായി. ഈ ദൃശ്യങ്ങൾ കോളേജിൽ കാണിച്ച വിവരം ചില രക്ഷാകർത്താക്കൾ കഴിഞ്ഞ ദിവസങ്ങളിൽ ഉന്നതപൊലീസുദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ട്. എന്ത് നടപടിയെടുക്കണമെന്ന്ആലോചിക്കുകയാണ് പൊലീസ് ഉന്നതർ.

അതീവരഹസ്യമായി സൂക്ഷിക്കുന്നു എന്ന് അവകാശപ്പെടുന്ന ദൃശ്യങ്ങൾ എങ്ങനെ പുറത്തായിഎന്നഅങ്കലാപ്പിലാണ് പൊലീസ്. എന്നാൽ ഈ ദൃശ്യങ്ങൾ പൊലീസിന് ലഭിക്കുംമുമ്പ്തന്നെ പൾസർ സുനിയും സംഘവും പുറത്ത് വിട്ടുവെന്നതിന്റെ തെളിവായും കോളേജിലെ പ്രദർശനത്തെ കണക്കാക്കാം.




ഈ ദൃശ്യങ്ങൾ പകർത്തിയ സംഭവത്തിന്പിന്നിലെഗൂഢാലോചനയിൽ പങ്കുണ്ടെന്ന്കണ്ടെത്തി നടൻ ദിലീപിനെ പൊലീസ് അറസ്റ്റ് ചെയ്യുംമുമ്പ് തന്നെ ദൃശ്യങ്ങൾ ചോർന്നതായാണ് വിവരം. കോളേജിലെ ഫോറൻസിക് വിഭാഗം അദ്ധ്യാപകന് എങ്ങനെ എവിടെനിന്ന്ഈ ദൃശ്യങ്ങൾ ലഭിച്ചുവെന്നത് വിദ്യാർത്ഥികളെ അദ്ഭുതപ്പെടുത്തി. സ്ത്രീകളെ മാനഭംഗപ്പെടുത്തുന്നതിന്റെ വിവിധ വശങ്ങൾ പഠിപ്പിക്കുന്നതിനിടെയാണ് അദ്ധ്യാപകൻ ഈ ദൃശ്യങ്ങൾ പ്രദർശിപ്പിച്ച്നിയമവശങ്ങളും ഫോറൻസിക് പരമായ കാര്യങ്ങളും വിശദീകരിച്ചത്. കണ്ടിരുന്ന പെൺകുട്ടികൾ സ്തബ്ധരായിപ്പോയി. ആൺകുട്ടികൾ നിശബ്ദരായി കണ്ടിരുന്നു. ഈ ദൃശ്യങ്ങൾ കണ്ട കാര്യങ്ങൾ ആദ്യഘട്ടത്തിൽ പുറത്ത്പറയാൻ തന്നെ കുട്ടികൾക്ക് പേടിയായിരുന്നു. പിന്നീടാണ് പലരും രക്ഷാകർത്താക്കളുമായി ആശയവിനിമയത്തിന് തയ്യാറായത്.

## ദിലീപിനെതിരെ മഞ്ജുവാര്യർ പ്രധാന സാക്ഷിയാകും

കെ.എസ്. സന്ദീപ്

കൊച്ചി: നടൻ ദിലീപ് അറസ്റ്റിലായ കേസിൽ മുൻ ഭാര്യ മഞ്ജുവാര്യർ പ്രധാന സാക്ഷിയാകും. മഞ്ജുവിൽ നിന്ന് മൊഴിയെടുത്തപ്പോൾ കുടുംബപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നിർണായക വിവരങ്ങൾ ലഭിച്ചിരുന്നു. ഈ വിഷയങ്ങളാണ് ആക്രമിക്കപ്പെട്ട നടിയോട് ദിലീപിന് പകയ്ക്ക് ഇടയാക്കിയതെന്നാണ്പൊലീസ്കണ്ടെത്തൽ.

ദിലീപിനെ ചോദ്യം ചെയ്യുന്നതിന് ദിവസങ്ങൾക്ക് മുമ്പ് കൊച്ചിയിലെ പഞ്ചനക്ഷത്ര ഹോട്ടലിൽ വച്ച് എ. ഡി. ജി. പി ബി. സന്ധ്യയാണ്മഞ്ജുവിന്റെ മൊഴിയെടുത്തത്. വിവാഹബന്ധം തകരാനിടയായ കാര്യങ്ങൾ വിശദമായി സംസാരിച്ചെന്നാണ് വിവരം. കാവ്യാ മാധവനുമായി ദിലീപിനുണ്ടായിരുന്ന ബന്ധത്തെക്കുറിച്ചും നടിയോട് ദിലീപിന് പകതോന്നാനുള്ള കാരണവും മഞ്ജു വിശദീകരിച്ചു. ഇതിനുശേഷമാണ് ദിലീപിനെയും നാദിർഷയെയും 13 മണിക്കൂർ ചോദ്യം ചെയ്തത്.

മുഖ്യപ്രതി പൾസർ സുനിയുടെ മുൻ അഭിഭാഷകൻ പ്രതീഷ് ചാക്കോയുടെ ജൂനിയർ രാജു ജോസഫിൽ നിന്ന് പിടിച്ചെടുത്ത മെമ്മറികാർഡിൽ ദൃശ്യങ്ങളൊന്നുമില്ലെങ്കിലും മായ്ച്ചു കളഞ്ഞതാണോയെന്നറിയാൻ ഫോറൻസിക് പരിശോധനയ്ക്ക് അയച്ചു. ഞായറാഴ്ച വൈകിട്ട് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത രാജു ജോസഫിനെ വിട്ടയച്ചിരുന്നു. പ്രതീഷ്ചാക്കോയുടെ ഓഫീസിൽ കിടന്നതാണെന്ന് പറഞ്ഞാണ് രാജു ജോസഫ് മെമ്മറി കാർഡ് പൊലീസിന് കൈമാറിയത്. ഈ കാർഡുമായി ബന്ധപ്പെട്ട് ചില ആശയക്കുഴപ്പമുണ്ടെന്നാണ് പൊലീസ് പറയുന്നത്. നടിയെ ആക്രമിച്ച് പകർത്തിയ ദൃശ്യങ്ങൾ പൊലീസിന് നേരത്തേ ലഭിച്ചുവെങ്കിലും അത്മെമ്മറി കാർഡിൽ നിന്ന് പകർത്തിയതാണെന്ന് വ്യക്തമായിരുന്നു. മൊബൈൽ ഫോണും മെമ്മറി കാർഡും പ്രതീഷ് ചാക്കോയെ ഏല്പിച്ചെന്നാണ് സുനിയുടെ മൊഴി. ഇത് ദിലീപിന് കൈമാറിയോയെന്നാണ് ഇപ്പോൾ അന്വേഷിക്കുന്നത്.

പ്രതീഷ്ചാക്കോയുടെമൻ ക്രൂജാമ്യാപേക്ഷഹൈക്കോടതി ഇന്ന് പരിഗണിക്കും. തള്ളിയാൽ ഉടൻ അറസ്റ്റുണ്ടായേക്കും. പ്രതിയാകുമെന്ന് ഉറപ്പായ ദിലീപിന്റെ സഹായി അപ്പുണ്ണിയുടെ അറസ്റ്റ് പൊലീസ് നീട്ടിക്കൊണ്ടുപോകുകയാണ്. ഇയാൾ പൊലീസ് കസ്റ്റഡിയിൽ രഹസ്യകേന്ദ്രത്തിലാണെന്നാണ് സൂചന. നാദിർഷയും പൊലീസ് നിരീക്ഷണത്തിലാണ്.

## ജാമ്യാപേക്ഷ വ്യാഴാഴ്ച പരിഗണിക്കും

നിയമകാര്യ ലേഖകൻ

കൊച്ചി : യുവനടിയെ ആക്രമിച്ച കേസിൽ അറസ്റ്റിലായ നടൻ ദിലീപിന്റെ ജാമ്യാപേക്ഷയിൽ ഹൈക്കോടതി സർക്കാരിന്റെ നിലപാടു തേടി. വ്യാഴാഴ്ച ഹർജി വീണ്ടും പരിഗണിക്കും.

ഇന്നലെ ഹർജി പരിഗണിക്കുമ്പോൾ സർക്കാരിന്റെ നിലപാടറിയിക്കാൻ അഞ്ചു ദിവസം അനുവദിക്കണമെന്ന് പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ ആവശ്യപ്പെട്ടു.

ഇതിനെ എതിർത്ത ദിലീപിന്റെ അഭിഭാഷകൻ ബി ധനാഴ്ച ഹർജി വീണ്ടും പരിഗണിക്കണമെന്നു വാദിച്ചു. തുടർന്നാണ് വ്യാഴാഴ്ചത്തേക്ക് മാറ്റിയത്.

നടിയെ ആക്രമിച്ച കേസിൽ ഗൂഢാലോചനയില്ലെന്ന് അന്തിമ റിപ്പോർട്ട് നൽകിയ പൊലീസ്വ്യക്തമാക്കിയതാണെന്നും ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി ഇതു ശരിവച്ചതാണെന്നും ദിലീപിന്റെ ഹർജിയിൽ പറയുന്നു.

ദിലീപിന്റെ ജാമ്യാപേക്ഷ 15ന് അങ്കമാലി ജൂഡിഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതി തള്ളിയിരുന്നു. തുടർന്നാണ് ദിലീപ് ഹൈക്കോടതിയെ സമീപിച്ചത്.

### ദിലീപിന്റെ വാദങ്ങൾ

- മാദ്ധ്യമ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പൊലീസ് പലതവണ ചോദ്യം ചെയ്തു. ഇതുവരെ തെളിവൊന്നും ലഭിച്ചിട്ടില്ല.
- തന്റെകരിയർനശിപ്പിക്കാൻ ഗൂഢാലോചനയുണ്ടെന്ന് പരാതി നൽകിയെങ്കിലും അന്വേഷിച്ചില്ല.
- നിരവധി കവർച്ചക്കേസുകളിലും തട്ടിക്കൊണ്ടുപോകൽ കേസുകളിലും പ്രതിയായ ഒന്നാം പ്രതിയുടെ മൊഴി വിശ്വാസത്തിലെടുത്താണ് അറസ്റ്റ്.
- വ്യക്തി വൈരാഗ്യമാണ് ആക്രമണത്തിനുകാരണമെന്ന് കരുതുന്നില്ലെന്ന് ഇരയായ നടി പറഞ്ഞിട്ടുണ്ട്.
- ജയിലിൽ നിന്ന് പൾസർ സുനി എഴുതിയ കത്ത് വ്യാജമാണ്.
- ഉപയോഗിച്ചിരുന്നരണ്ട്മൊബൈലുകൾ കോടതിയിൽ സമർപ്പിച്ചു. പൊലീസ്വീട്ടിൽ റെയ്ഡ്നടത്തി കൂട്ടികൾ വീഡിയോഗെയിംകളിച്ചിരുന്നടാബാണ് പിടിച്ചെടുത്തത്.

## 'മൂന്നുദിവസം കൂടി കിടക്കണോ'

ആലുവ: ഹൈക്കോടതി ജാമ്യഹർജി പരിഗണിക്കുന്നത് വ്യാഴാഴ്ചയിലേക്ക് മാറ്റിയെന്ന വിവരം ജയിൽ ജീവനക്കാരിൽ നിന്ന് അറിഞ്ഞ ദിലീപ് കൂട്ടുതൽ സങ്കടത്തിലായി. 'ഓ ഇനിയും മൂന്ന് ദിവസംകൂടിയോ' എന്നു പറഞ്ഞ് നെടുവീർപ്പിടുകയായിരുന്നുവത്രേ. പിന്നീട് സെല്ലിലുള്ള ആരോടും സംസാരിക്കാതെയാണ്ദിലീപ്ഇന്നലെവൈകുവോളം സമയം തള്ളിനീക്കിയത്.

സഹോദരനും നിർമ്മാതാവുമായ അനൂപ്, ടി.എ. സൂരജ്, വെങ്കിട സുനി എന്നിവർ ഇന്നലെ ജയിലിൽ ദിലീപിനെ സന്ദർശിച്ചു. വാർഡന്റെ മുറിയിൽ പത്ത് മിനിട്ടായിരുന്നു കൂടിക്കാഴ്ച. അനൂപിന്റെ തോളിൽ പിടിച്ചിരുന്നാണ് ദിലീപ് സംസാരിച്ചത്.

എം.എൽ.എമാരുടെ മൊഴിയെടുത്തതിൽ സ്പീക്കർക്ക് അതൃപ്തി - പേജ് 7

## നിയന്ത്രണം വിട്ട ബൈക്കിൽ നിന്ന് തെറിച്ച് കിണറ്റിൽ വീണ് യുവാവ് മരിച്ചു

സംഭവം കൊല്ലം-തേനി ദേശീയപാതയിൽ താമരക്കുളത്ത്

ചാരുംമൂട്: നിയന്ത്രണം വിട്ട ബൈക്കിൽ നിന്ന് റോഡരികിലെകിണറ്റിലേക്ക്തെറിച്ചുവീണ് സ്വകാര്യ ബസ്ഡ്രൈവർമരിച്ചു. ശൂരനാട് പടിഞ്ഞാറ്റേ കിഴക്ക് വിളയിൽ കിഴക്കതിൽ മുരളീധരൻ നായരുടെ മകൻ മനു എം.നായർ (26) ആണ് മരിച്ചത്.

കൊല്ലം-തേനി ദേശീയപാതയിൽ താമരക്കുളം മലരിമേൽ ജംഗ്ഷനിൽ ഇന്നലെ രാവിലെ 6നാണ് അപകടം. ബസിന്റെ ടിപ്പ് തുടങ്ങാൻ കരിമുളയ്ക്കലേക്ക് ബൈക്കിൽ വരികയായിരുന്നു. വളവ് തിരിയവേ നിയന്ത്രണം വിട്ട ബൈക്ക്റോഡരികിലെവീടിന്റെ മുറ്റത്തേക്ക് പാഞ്ഞുകയറുന്നതിനിടയിൽ തെറിച്ചുവീണ മനു ആൾമറയില്ലാത്ത കിണറ്റിൽ അകപ്പെടുകയായിരുന്നു.

വീട്ടുടമ കിണറ്റിലിറങ്ങിരക്ഷപ്പെടുത്താൻ ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല.

കായംകുളത്തുനിന്ന് അസി. സ്റ്റേഷൻ ഓഫീസർ എസ്. താഹയുടെ നേതൃത്വത്തിൽ അഗ്നിശമന സേനയും നൂറനാട് പൊലീസും സ്ഥലത്തെത്തി. മുപ്പതടി താഴ്ചയുള്ള കിണറ്റിൽ ഏണിഉപയോഗിച്ചാണ്സേനാംഗങ്ങൾഇറങ്ങിയത്. തുടർന്ന്വലഇറക്കിമനുവിനെ പുറത്തെത്തിച്ചെങ്കിലും രക്ഷിക്കാൻ കഴിഞ്ഞില്ല.

ലതയാണ് മനുവിന്റെ മാതാവ്.സഹോദരൻ: ജിത്തു.

## സ്വാശ്രയ മെഡി. കോളേജുകളിലെ താത്കാലിക ഫീസ് ശരിവച്ചു

### ഓർഡിനൻസിന് ഹൈക്കോടതി സ്റ്റേയില്ല; കൗൺസലിംഗിന് അനുമതി

കൊച്ചി : സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 85 ശതമാനം സീറ്റിൽ അഞ്ച് ലക്ഷം രൂപയും 15 ശതമാനം എൻ.ആർ.ഐ സീറ്റിൽ 20 ലക്ഷം രൂപയും താത്കാലിക ഫീസ്നിശ്ചയിച്ച്ഫീസ്നിർണയ സമിതി പുറത്തിറക്കിയ ഉത്തരവ്ഹൈക്കോടതി ശരിവച്ചു. കൗൺസലിംഗ് നടപടികൾ തുടരാം. സ്വാശ്രയ ഓർഡിനൻസിന് സ്റ്റേയില്ല.

ഈ ഫീസും ഇതുയർത്തിയാൽ നൽകാൻ വിദ്യാർത്ഥികൾ ബാദ്ധ്യസ്ഥരാണെന്ന വ്യവസ്ഥയും കൗൺസലിംഗ് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തണം. ഫീസിൽ വ്യത്യാസമുണ്ടാകുമെന്ന് പ്രവേശനം നേടുന്നവരെ അറിയിക്കണം. അന്തിമ ഫീസ് നിശ്ചയിക്കുമ്പോൾ ആ തുക നൽകാമെന്ന ഉറപ്പ് എഴുതി വാങ്ങണമെന്നും ഡിവിഷൻ ബെഞ്ചിന്റെ ഇടക്കാല ഉത്തരവിൽ പറയുന്നു.

സ്വാശ്രയ മെഡിക്കൽ പ്രവേശന ഓർഡിനൻസിനെയും താത്കാലിക ഫീസ് നിശ്ചയിച്ച് ജൂലായ് 13ന് സമിതി പുറപ്പെടുവിച്ച ഉത്തരവിനെയും ചോദ്യം ചെയ്ത് കോഴിക്കോട് കെ.എം.സി.ടി, തിരുവല്ലപുഷ്പഗിരിമെഡിക്കൽകോളേജ്തുടങ്ങിയവർ നൽകിയ ഹർജികളാണ്ഹൈക്കോടതിപരിഗണിക്കുന്നത്. ഓർഡിനൻസിന്റെ ഭരണഘടനാസാധുതയടക്കമുള്ള വിഷയങ്ങളിൽ വാദം കേൾക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കിയ ഡിവിഷൻ ബെഞ്ച്, ഹർജികൾ നാലാഴ്ച കഴിഞ്ഞു പരിഗണിക്കാൻ മാറ്റി. നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിന് സർക്കാരിനെ ഹൈക്കോടതി രൂക്ഷമായി വിമർശിച്ചിട്ടുമുണ്ട്.

സ്വാശ്രയ മാനേജ്മെന്റുകൾ 2017 - 18 ലേക്കുള്ള പ്രവേശനത്തിന്പ്രോസ്പെക്ടസ്തയ്യാറാക്കി അനുമതിക്കായി നൽകിയില്ലെന്നും അഞ്ചു ലക്ഷത്തിൽ താഴെ നിശ്ചയിച്ചഫീസ്ക്രിസ്ത്യൻമാനേജ്മെന്റ് അസോസിയേഷൻ അംഗീകരിച്ചിട്ടുണ്ടെന്നും ഫീസ് നിർണയ സമിതി വാദിച്ചു. ഫീസ്നിർണയത്തിനുള്ള രേഖകൾ മാനേജ്മെന്റുകൾ നൽകാത്തതിനാലാണ് താത്കാലിക ഫീസ് പ്രഖ്യാപിച്ചത്. വിവരങ്ങൾ നൽകിയാൽ ഇതനുസരിച്ച് ഫീസിൽ വ്യത്യാസം വരുത്തുമെന്നും സമിതി വ്യക്തമാക്കി.

നീറ്റിലെ റാങ്ക് അനുസരിച്ച് പൊതു കൗൺസലിംഗ് ഏർപ്പെടുത്തിയതാണ് ഈ വർഷത്തെ പ്രത്യേകതയെന്ന് ഹൈക്കോടതി വിലയിരുത്തി. മാനേജ്മെന്റുകൾ ഫീസ് നിശ്ചയിക്കാൻ രേഖകൾ നൽകണം. അന്തിമ ഫീസ് നിർണയിക്കും മുമ്പ് മാനേജ്മെന്റുകളെ സമിതി കേൾക്കണം. 'ട്രൈ നിട്ട്സ് ന്യൂഡൽസ്' പോലെ എളുപ്പം പൂർത്തിയാക്കാൻ കഴിയില്ല. ആഗസ്റ്റ്31 നകം പ്രവേശന നടപടികൾ പൂർത്തിയാക്കണമെന്ന്സുപ്രീംകോടതിനിർദ്ദേശിച്ചിട്ടുള്ളതിനാൽ സമിതിക്ക് താത്കാലിക ഫീസ്നിർണയിക്കാം. രണ്ട്മാസത്തിനുള്ളിൽ അന്തിമ ഫീസ് നിർണയത്തിന് മാനേജ്മെന്റുകൾ വസ്തുതകളും രേഖകളും ഹാജരാക്കണം. ഉയർന്ന ഫീസിനുള്ള അവകാശവാദം തെളിയിക്കാൻ മാനേജ്മെന്റുകൾക്ക് കഴിഞ്ഞാൽ ഉയർന്നഫീസ്ഈടാക്കാമെന്നും ഹൈക്കോടതി വ്യക്തമാക്കി.